**പതിനാലാം കേരളനിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1992** | **07.03.2017-ൽ മറുപടിക്ക്**

## കേസുകളിൽപെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽപെട്ട് പിടിച്ചെടുത്ത നിരവധി വാഹനങ്ങൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങളെ നിശ്ചിത കാലയളവ് വെച്ച് ലേലം ചെയ്ത് വിൽക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(സി) വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന ഇത്തരത്തിലുള്ള വാഹനങ്ങളെ പൂർണമായും സ്റ്റേഷൻ പരിസരത്തു നിന്നും മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും, കണ്ടുകെട്ടിയതുമായ വാഹനങ്ങൾ 15.12.2014 തീയതിയിലെ 550/14/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡ്-ന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശം കർശനമായി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ 22.10.2016 തീയതിയിലെ യു3/73694/11 നമ്പർ കത്ത് പ്രകാരം വീണ്ടും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു പ്രകാരം തുടർനടപടികൾ നടന്നുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ